


# മഹല്ല് സംസ്കരണം: ചിന്തയും പ്രയോഗവും

**മഹല്ല്** സംവിധാനത്തെ സംബന്ധിച്ച ശൈഖ് മുഹമ്മദ് കാരകുന്നിന്റെ ലേഖനം (ലക്കം 18) വായിച്ചു. നമ്മുടെ നാട്ടിലെ മഹല്ലുകളധികവും ഏതെങ്കിലും സംഘടനയുടെ കീഴിലാണ്. മഹല്ല് നിവാസികളാവട്ടെ ഭൂരിഭാഗവും സംഘടനാ പ്രവര്‍ത്തകരല്ല. ഇക്കാരണങ്ങളാല്‍ മഹല്ലിന്റെ ദൈനംദിന കാര്യങ്ങളില്‍ പൊതുജനങ്ങള്‍ക്ക് പങ്ക് കുറവാണ്. മഹല്ല് പ്രവര്‍ത്തനങ്ങള്‍ വികേന്ദ്രീകരിച്ചുകൊണ്ട് നിലവിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകള്‍ തരണം ചെയ്യാന്‍ കഴിയേണ്ടതാണ്.

മഹല്ല് കമ്മിറ്റിക്കു കീഴില്‍ ഒരു പൊതുവേദി ഉണ്ടാക്കുകയും മഹല്ലിലെ മുഴുവന്‍ ആളുകളുടെയും പങ്കാളിത്തം അതില്‍ ഉറപ്പുവരുത്തുകയും ചെയ്യണം. വിവിധ വകുപ്പുകളായി തിരിച്ച് പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ ഈ വേദിക്ക് കഴിയും. അംഗങ്ങള്‍ക്ക് താല്‍പര്യമനുസരിച്ച് അതത് വകുപ്പുകളുമായി സഹകരിച്ച് പ്രവര്‍ത്തിക്കാം. വിദ്യാഭ്യാസം, ജനസേവനം, സ്ത്രീശാക്തീകരണം, കൃഷി, വ്യവസായം, പ്രവാസി, അനുരഞ്ജനം, സാമ്പത്തികം തുടങ്ങിയ ഉപസമിതികളും രൂപവത്കരിക്കാം.

ഈ ആശയം വികസിപ്പിച്ച് ഒരു പ്രായോഗിക പരീക്ഷണത്തിന് തയാറായിരിക്കുകയാണ് കൊയിലാണ്ടിക്കടുത്ത ഊട്ടേരി മഹല്ല്. സംഘടനാ പ്രവര്‍ത്തകരും അല്ലാത്തവരുമായ വിശ്വാസികള്‍ മഹല്ല് കമ്മിറ്റിക്കു കീഴില്‍ ഒരു പൊതുവേദിയില്‍ അണിനിരക്കുന്ന അത്രയൊന്നും സാധാരണമല്ലാത്ത ഒരു അനുഭവമാണ് ഊട്ടേരിയിലേത്. മദ്റസകളുടെ പരിധിയില്‍ വരാത്ത ഹൈസ്കൂള്‍ തലം തൊട്ടുള്ള വിദ്യാര്‍ഥികള്‍ക്ക് ദീനീവിദ്യാഭ്യാസം നല്‍കുന്ന ഒരു പദ്ധതിയുമായി മഹല്ല് മുന്നോട്ടു പോവുകയാണ്. പ്രഗത്ഭരായ അധ്യാപകരുടെ പാനല്‍ തയാറാക്കി പുതിയ പഠനരീതികള്‍ ആവിഷ്കരിച്ച് ഒരു വര്‍ഷം മുമ്പ് 'ന്യൂ ജനറേഷന്‍' എന്ന പദ്ധതിക്ക് തുടക്കമിട്ടു. പഠനയാത്രകളിലൂടെ അധ്യയനം രസകരമാക്കാനും സാധിച്ചു.

മഹല്ല് നേതൃത്വം ഗൃഹസന്ദര്‍ശനം നടത്തുന്ന 'സമ്പര്‍ക്കം' പരിപാടിയാണ് വിദ്യാഭ്യാസ സമിതിയുടെ മറ്റൊരു പദ്ധതി. സമയക്രമം നിശ്ചയിച്ച് ഓരോ ഗൃഹവും സന്ദര്‍ശിച്ച് ബന്ധങ്ങള്‍ ഊട്ടിയുറപ്പിക്കാന്‍ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. മറ്റു മഹല്ലുകളെ അടുത്തറിയാന്‍ മഹല്ല് കൂട്ടായ്മകള്‍ക്കു വേണ്ടിയുള്ള പ്രവര്‍ത്തനങ്ങളും നടന്നുവരുന്നു.

ജനസേവനരംഗത്ത് ഭവനനിര്‍മാണ പ്രവര്‍ത്തനങ്ങള്‍ക്കാണ് മുന്‍ഗണന. വിവാഹം, മരണം, അപകടം തുടങ്ങിയ സന്ദര്‍ഭങ്ങളില്‍ ജനങ്ങളുടെ ഉത്തരവാദിത്വപൂര്‍ണമായ പങ്കാളിത്തം ഉറപ്പുവരുത്താനുള്ള ശ്രമത്തിലാണ് ജനസേവന സമിതി. മയ്യിത്ത് കുളിപ്പിക്കല്‍, ഖബ്റടക്കം തുടങ്ങിയവയില്‍ പരിശീലനം നല്‍കുന്നുണ്ട്.

കാര്‍ഷികരംഗം സജീവമാക്കാനുള്ള പ്രവര്‍ത്തനങ്ങളും നടക്കുന്നു. ജൈവകൃഷി, കൂട്ടുകൃഷി, അടുക്കള തോട്ടങ്ങള്‍ എന്നിവക്ക് പ്രോത്സാഹനം നല്‍കുന്നു. പള്ളിപരിസരത്തെ തരിശു നിലത്ത് ചാക്കുകളില്‍ പച്ചക്കറി തോട്ടം നിര്‍മിക്കുകയും അത് നനയ്ക്കാന്‍ പള്ളിയില്‍ അംഗശുദ്ധി വരുത്തുന്ന വെള്ളം ഉപയോഗിക്കുകയും ചെയ്യുന്നു. പച്ചക്കറിയുടെ വിപണനം പള്ളിപ്പരിസരത്ത് വെള്ളിയാഴ്ചകളില്‍ നടക്കുന്നു.

ഊട്ടേരി മഹല്ലിലെ 'വെളിച്ചം' എന്ന പേരിലുള്ള പൊതുവേദിയുടെ ചില പ്രവര്‍ത്തനങ്ങള്‍ മാത്രമാണ് പരാമര്‍ശിച്ചത്.

**വി.കെ ജാബിര്‍**
**പ്രസിഡന്റ്, 'വെളിച്ചം'**
**ഊട്ടേരി മഹല്ല്**
**ഫോണ്‍: 0496 2697229, 2695873**

# മഹല്ലുകളെ വീണ്ടെടുക്കുക

**'സമുദായ** സംസ്കരണവും മഹല്ല് സംവിധാനവും' എന്ന ലേഖനം വായിച്ചു.

മുമ്പ് പലരും പ്രസംഗിക്കുകയും എഴുതുകയും ചെയ്ത വിഷയമാണെങ്കിലും കാര്യമാത്രപ്രസക്തമായ ഒരജണ്ട മഹല്ലുകള്‍ മുമ്പാകെ സമര്‍പ്പിച്ചിരിക്കുന്നു. ഈ വിഷയത്തില്‍ സമുദായത്തിന് രണ്ടഭിപ്രായം ഉണ്ടാകുമെന്ന് തോന്നുന്നില്ല.

പക്ഷേ, പൂച്ചക്ക് ആര് മണികെട്ടും? ഇന്ന് കേരളത്തിലെ ഭൂരിഭാഗം മഹല്ലുകളുടെയും നേതൃത്വം വഹിക്കുന്നത് സ്ഥലത്തെ പ്രധാന പണക്കാരോ രാഷ്ട്രീയ പാര്‍ട്ടികളുമായി ബന്ധമുള്ളവരോ ആണ്. ഇവരില്‍ പലരും ഇസ്ലാമികമൂല്യങ്ങളോട് പ്രതിബദ്ധത ഉള്ളവരല്ല. കക്ഷിരാഷ്ട്രീയത്തിന്റെ സകല ജീര്‍ണതകളും ഇസ്ലാമിക സമാജത്തിലേക്ക് അവര്‍ കൊണ്ടുവരുന്നുമുണ്ട്.

ഇസ്ലാമിക മൂല്യങ്ങള്‍ക്കനുസരിച്ച് മഹല്ലുകളും മസ്ജിദുകളും ഭരിക്കപ്പെടണമെന്ന് ചിന്തിക്കുന്ന ആളുകളെ ഒറ്റപ്പെടുത്താനും ഒതുക്കാനും രാഷ്ട്രീയരംഗത്ത് കീരിയും പാമ്പുമായിട്ടുള്ളവര്‍ തമ്മില്‍ കൈകോര്‍ക്കുകയും ചെയ്യും.

ആദര്‍ശബോധവും സന്മാര്‍ഗനിഷ്ഠയും ഉള്ള ഒരു തലമുറ നാട്ടില്‍ വളര്‍ന്നുവരുന്നതിനെ ഇക്കൂട്ടര്‍ പ്രോത്സാഹിപ്പിക്കാറില്ല. അങ്ങനെ ഒരു തലമുറ വളര്‍ന്നുവന്നാല്‍ പിന്നെ ഇവര്‍ക്കെന്ത് പ്രസക്തി? ഇക്കൂട്ടരുടെ നയനിലപാടുകളെ തിരുത്താന്‍ ശ്രമിക്കുന്ന മഹല്ലിലെ ഇമാമിനെയോ ഖത്വീബിനെയോ പൊറുപ്പിക്കുകയും ഇല്ല.

മഹല്ല് ഭരണത്തില്‍ ഇക്കൂട്ടര്‍ രാഷ്ട്രീയ പാര്‍ട്ടികളുടെ രീതികളാണ് സ്വീകരിക്കുക. കക്ഷിരാഷ്ട്രീയത്തില്‍ ജനങ്ങളെ തന്റെ കക്ഷിയും മറ്റെയാളുടെ കക്ഷിയുമായി വിഭജിച്ച് തന്‍കാര്യം നേടി ശീലിച്ചിരിക്കുന്ന ഇവര്‍, സമുദായത്തിലുള്ള എല്ലാവരെയും സഹോദരങ്ങളായി കണ്ട് പ്രശ്നങ്ങള്‍ക്ക് നീതിയുക്തമായ പരിഹാരം കാണുന്ന രീതി പാടേ ഉപേക്ഷിച്ച് മഹല്ലുകളില്‍ സംഘര്‍ഷവും സംഘട്ടനവും ഉണ്ടാക്കുകയാണ്.

ഇത്തരം രാഷ്ട്രീയ ഭിക്ഷാംദേഹികളില്‍നിന്നും അധികാരദല്ലാളന്മാരില്‍നിന്നും സമുദായം വിമുക്തി നേടിയാലേ മഹല്ലുകളിലൂടെ സംസ്കരണ പ്രവര്‍ത്തനം സാധ്യമാകൂ.

**അബൂ സഊദ്**
**കലൂര്‍-കൊച്ചി**

# വഴിവെളിച്ചവും ഹദീസുകളും

**പ്രമുഖവും** പ്രചാരത്തിലുള്ളതുമായ എല്ലാ ഹദീസ് ഗ്രന്ഥങ്ങളുടെയും സംശോധിത പതിപ്പുകൾ പുറത്തിറങ്ങിയിട്ടുണ്ട്. ആ ഗ്രന്ഥങ്ങളിൽ വന്ന ഹദീസുകളുടെ 'കതിരും പതിരും' ഹദീസ് പണ്ഡിതന്മാർ സൂക്ഷ്മമായി പരിശോധിച്ച് വേർതിരിച്ചിട്ടുമുണ്ട്. ഈ ഗ്രന്ഥങ്ങളധികവും ഇ-ബുക്കുകളായും പി.ഡി.എഫ് ബുക്കുകളായും ലഭ്യവുമാണ്.

'വഴിവെളിച്ചം' പംക്തിയിൽ കാലിക പ്രസക്തമായ വിഷയങ്ങൾ തെരഞ്ഞെടുക്കാൻ ലേഖകൻ ശ്രദ്ധിക്കാറുണ്ടെങ്കിലും അവയിലുദ്ധരിക്കുന്ന ഹദീസുകളുടെ നിജഃസ്ഥിതി പലപ്പോഴും പരിശോധിക്കപ്പെടാറില്ലെന്നാണ് തോന്നുന്നത്.

'ഇഅ്തികാഫും ജനസേവനവും' എന്ന തലക്കെട്ടിൽ (2007 ഒക്ടോ. 6) വന്ന പംക്തിയിൽ ഉദ്ധരിച്ച അഞ്ച് ഹദീസുകളിൽ നാലും ദുർബലങ്ങളാണ്. വ്യാജ ഹദീസെന്ന് പണ്ഡിതർ അഭിപ്രായപ്പെട്ടതും അക്കൂട്ടത്തിലുണ്ട്.

നടേ പറഞ്ഞ ലേഖനത്തിന് അടിക്കുറിപ്പായി 'ഇമാം ഹാകിം ചെറിയ വ്യത്യാസങ്ങളോടെ ഇത് ഉദ്ധരിക്കുകയും ഇതിന്റെ നിവേദക പരമ്പര സ്വഹീഹാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു' എന്ന് ലേഖകൻ എഴുതുന്നു. അതേ ഗ്രന്ഥത്തോടൊപ്പമുള്ള ഇമാം ദഹബിയുടെ *തൽഖീസിൽ* ഹദീസിന്റെ നിവേദക ശ്രേണിയിലുള്ള രണ്ടാളുകളെക്കുറിച്ച് അഭിപ്രായപ്രകടനം നടത്തിയ ശേഷം 'അതിനാൽ ഹദീസ് ബാത്വിലാണ്, വ്യാജമാണ്' എന്ന ഇമാം ദഹബിയുടെ പ്രസ്താവന ലേഖകൻ കാണാതെ പോവുകയും ചെയ്യുന്നു.

'ഗുണകാംക്ഷ തെറ്റു ചെയ്യുന്നവരോട്' (ലക്കം 16) എന്ന ലേഖനത്തിന്റെ അടിക്കുറിപ്പിലും ഇതേ രീതിതന്നെയാണ് കാണുന്നത്. നിവേദക പരമ്പര ഹസനാണെന്ന് *അൽ മൗസൂഅത്തുൽ ഹദീസിയ്യ*(!) എന്ന ഗ്രന്ഥത്തിൽ ശൈഖ് അർനഊത് പറഞ്ഞത് ലേഖകൻ കാണുകയും അതിന് തുടർച്ചയായി ഹദീസിന്റെ ആശയത്തെ (മത്ന്)ക്കുറിച്ച് 'ഗരീബ്' അഥവാ 'വേറെ ഒരു റിപ്പോർട്ടറും ഉദ്ധരിച്ചിട്ടില്ലാത്ത ഒറ്റപ്പെട്ടതാണ്' ഈ ഹദീസ് എന്ന അദ്ദേഹത്തിന്റെ പ്രധാന പ്രസ്താവന ഉദ്ധരിക്കാതെ വിടുകയും ചെയ്യുന്നു.

ബെയ്റൂത്തിലെ 'അർരിസാല പബ്ലിഷിംഗ് ഹൗസ്' പ്രമുഖ ഹദീസ് ഗ്രന്ഥങ്ങളുടെ പരിഷ്കരിച്ച സംശോധിത പതിപ്പുകൾ 'അൽ മൗസൂഅത്തുൽ ഹദീസിയ്യ' എന്ന പേരിൽ പുറത്തിറക്കിക്കൊണ്ടിരിക്കുകയാണ്. അതിലെ ആദ്യ സംരംഭമായി 50 വാള്യങ്ങളോടെ പ്രസിദ്ധീകരിച്ച ഇമാം അഹ്മദുബ്നു ഹമ്പലിന്റെ *മുസ്നദിലാണ്* (14/47) ശൈഖ് ശുഐബ് ഇത് പറഞ്ഞത്. അല്ലാതെ 'അൽ മൗസൂഅത്തുൽ ഹദീസിയ്യ' അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിന്റെ പേരല്ല. പ്രസ്തുത പരമ്പരയിലെ രണ്ടും മൂന്നും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

'ഇഅ്തികാഫും ജനസേവനവും' എന്ന ലേഖനത്തിലെ ആദ്യ ഹദീസിൽ ഒരു വിശ്വാസപ്രശ്നം കൂടിയുണ്ട്. തൗഹീദിന്റെ ബാലപാഠം പഠിച്ചവർക്കറിയാം അല്ലാഹു അല്ലാത്തവരെ പിടിച്ച് സത്യം ചെയ്യുന്നത് ശിർക്കും കുഫ്റുമാണെന്ന്. നബി, മലക്ക്, സ്വഹാബത്ത്, ഔലിയ ആരായാലും അത് അനുവദനീയമല്ല. തദ്‌വിഷയത്തിൽ പൂർവസൂരികൾക്കിടയിൽ ഇജ്മാഅ് (ഏകാഭിപ്രായം) ഉണ്ടെന്നാണ് ഇമാം ഇബ്നു അബ്ദിൽ ബർറ് അഭിപ്രായപ്പെടുന്നത് (*ഫത്ഹുൽ ബാരി* 11/531).

ഇതാണ് വസ്തുത എന്നിരിക്കെ, ഒരാൾ മഹാനായ ഇബ്നു അബ്ബാസി(റ)ന്റെ അടുക്കൽ വന്ന് 'ഈ ഖബ്റിൽ കിടക്കുന്നവരുടെ മാഹാത്മ്യം തന്നെയാണ്' എന്ന് സത്യം ചെയ്യുകയും ഇബ്നു അബ്ബാസ്(റ) അതു കേട്ട് മിണ്ടാതിരിക്കുകയും ചെയ്തുവെന്നോ?

ഇതു സംബന്ധമായി കൂടുതലറിയാൻ ഇമാം ഹൈതമിയുടെ *മജ്മഉൽ ബഹ്റൈൻ* (5/220), *താരീഖ് ബഗ്ദാദ്* (5/207), *ദാറുൽ ഗർബ്* എന്നിവ നോക്കുക.

**അബുൽ അസ്റാർ, പന്തലിങ്ങൽ**